ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 12.02.2026**

## പ്രധാനവാർത്തകൾ

1. 2026-27 കേന്ദ്രബജറ്റിന്മേലുള്ള ചർച്ച രാജ്യസഭയിൽ പുരോഗമിക്കുന്നു. രാജ്യത്തിൻറെ സ്വയംപര്യാപ്തതയും പ്രതിരോധശേഷിയും മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ളതാണ് ബജറ്റെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.

2. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് ഭേദഗതി ബിൽ 2026, ലോക്സഭ ഇന്ന് പാസാക്കി. തൊഴിലാളികളുടെ താൽപ്പര്യം മുൻനിർത്തിയുള്ളതാണ് പുതിയ തൊഴിൽ കോഡെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ.

3. കേരളത്തിൽ നിന്നുള്ള ബിജെപി കൗൺസിലർമാരുടെ സംഘം പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

4. ശബരിമല സ്വർണഅപഹരണക്കേസിൽ വീണ്ടും തെളിവെടുപ്പ് നടത്താൻ ഹൈക്കോടതി നിർദ്ദേശപ്രകാരം പ്രത്യേക അന്വേഷണ സംഘം സന്നിധാനത്തെത്തി.

RNU TVPM

5. അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണവും സൗജന്യ കൈത്തറി യൂണിഫോം വിതരണ പദ്ധതിയും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

6. പുരുഷ ട്വൻറി- 20 ക്രിക്കറ്റ് ലോകകപ്പിൽ നേപ്പാളിനെതിരെ ഇറ്റലിക്ക് 10 വിക്കറ്റ് ജയം. ഇന്ത്യ - നമീബിയ മത്സരം അല്പസമയത്തിനകം ഡൽഹിയിൽ ആരംഭിക്കും.

<u>പാർലമെൻറ്</u>

2026-27 കേന്ദ്രബജറ്റിന്മേലുള്ള ചർച്ച രാജ്യസഭയിൽ പുരോഗമിക്കുന്നു. സാമ്പത്തിക വളർച്ചയ്ക്കും എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനത്തിനും ഊന്നൽ നൽകുന്നതിന് സർക്കാർ പ്രവർത്തിക്കുകയാണെന്ന് ചർച്ചയ്ക്ക് മറുപടി പറയവെ ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. രാജ്യത്തിൻറെ സ്വയംപര്യാപ്തതയും പ്രതിരോധശേഷിയും മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ളതാണ് 2026-27 ലെ കേന്ദ്ര ബജറ്റ്. പണപ്പെരുപ്പം താഴ്ന്ന നിലയിൽ നിലനിർത്തുന്നതിനൊപ്പം ഉയർന്ന വളർച്ച നിലനിർത്താൻ രാജ്യത്തിന് കഴിഞ്ഞിട്ടുണ്ടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

RNU TVPM

## ലോക്സഭ

ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് ഭേദഗതി ബിൽ 2026, ലോക്സഭ ഇന്ന് പാസാക്കി. കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്നലെയാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. യുവാക്കൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നും തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിന് പകരം ബില്ലിലൂടെ സർക്കാർ അത് ദുർബലപ്പെടുത്തുകയാണെന്നും കോൺഗ്രസിലെ കൊടിക്കുന്നിൽ സുരേഷ് എം പി അഭിപ്രായപ്പെട്ടു. എന്നാൽ തൊഴിലാളികളുടെ താൽപ്പര്യാർത്ഥമാണ് തൊഴിൽ കോഡ് അവതരിപ്പിച്ചതെന്ന് 17 ദേശീയ തൊഴിലാളി സംഘടനകൾ പ്രസ്താവിച്ചിട്ടുണ്ടെന്ന് ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് ശ്രീ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു. അതേസമയം, സഭയിൽ ഇന്നും വിവിധ വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം ബഹളം തുടർന്നു. നടപടികൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു. ജനുവരി 28 ന് ആരംഭിച്ച ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ഘട്ടം നാളെ അവസാനിക്കും. മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയാണ് രണ്ടാം ഘട്ടം.

RNU TVPM

## പി എം -സിതാരാമൻ

രാജ്യത്തെ സാമ്പത്തിക പരിവർത്തനത്തിന് 2026-27 ലെ ബജറ്റ് നൽകുന്ന സംഭാവനയെക്കുറിച്ചുള്ള സമഗ്രമായ ചിത്രം ധനമന്ത്രി നിർമ്മല സീതാരാമൻ ലോക്സഭയിൽ നടത്തിയ പ്രസംഗത്തിൽ നൽകിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോക്സഭയിൽ ധനമന്ത്രി നടത്തിയ പ്രസംഗത്തിൻറെ വീഡിയോ സമൂഹമാധ്യമത്തിൽ പങ്കുവെച്ചുകൊണ്ടാണ് പ്രധാനമന്ത്രി ഇക്കാര്യം പറഞ്ഞത്.

☸☸☸☸☸☸☸☸☸☸☸☸☸

ബിജെപി കൗൺസിലർമാരുടെ സംഘം (ഇ ൻട്രോ )

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ന്യൂ ഡൽഹിയിൽ എത്തിയ കേരളത്തിൽ നിന്നുള്ള ബിജെപി കൗൺസിലർമാരുടെ സംഘം പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ, കേന്ദ്ര മന്ത്രി മനോഹർ ലാൽ, മുതിർന്ന പാർട്ടി നേതാക്കൾ എന്നിവരുമായും തിരുവനന്തപുരം മേയർ വിവി രാജേഷിന്റെ നേതൃത്ത്വത്തിലുള്ള സംഘം കൂടി കാഴ്ച നടത്തി. കേരളത്തിൻറെ വികസന മുൻഗണനകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനാണ് സന്ദർശനം ലക്ഷ്യമിടുന്നത് എന്ന് മേയർ വി വി രാജേഷ് പറഞ്ഞു.

(വോയിസ് -വി വി രാജേഷ്)

☸☸☸☸☸☸☸☸☸☸☸☸☸

RNUTVPM

ശബരിമല

കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി ഇ.ഡി പ്രസാദ് നടതുറന്ന് ദീപം തെളിയിച്ചു. കുംഭമൊന്നായ നാളെ രാവിലെ അഞ്ചിനു നട തുറന്നു പൂജകൾ ആരംഭിക്കും. കുംഭമാസ പൂജകൾ പൂർത്തിയാക്കി 17ന് നട അടയ്ക്കും. ദേശീയ പണി മുടക്കിൽ നിന്നു ശബരിമല തീർഥാടകരെ ഒഴിവാക്കിയിട്ടുള്ളതിനാൽ പമ്പയിലേക്കുളള കെഎസ്ആർടിസി ബസുകളുംപമ്പ- നിലയ്ക്കൽ ചെയിൻ സർവീസും തടസ്സമില്ലാതെ സർവീസ് നടത്തുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## ശബരിമല- പരിശോധന

ശബരിമല സ്വർണ്ണക്കവർച്ചയുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിയോഗിച്ചിട്ടുള്ള പ്രത്യേക അന്വേഷണ സംഘം വീണ്ടും സന്നിധാനത്തെത്തി പരിശോധന ആരംഭിച്ചു. ശേഖരിക്കുന്ന സ്വർണ്ണ സാമ്പിളുകൾ ഉൾപ്പെടെ വിദഗ്ധ ലാബ് പരിശോധനയ്ക്ക് വിധേയമാക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ......**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല സ്വർണക്കൊള്ള

ശബരിമല സ്വർണക്കൊള്ള കേസിൽ പ്രതിയായ ദേവസ്വം ബോർഡ് മുൻ അംഗം കെ. പി. ശങ്കരദാസിനെ കൊല്ലം വിജിലൻസ് കോടതി വീണ്ടും റിമാൻഡ് ചെയ്തു. 14 ദിവസത്തേയ്ക്കാണ് റിമാൻഡ് ചെയ്തത്. ആരോഗ്യപ്രശ്നങ്ങൾ ഉള്ളതിനാൽ ഇന്ന് കോടതിയിൽ നേരിട്ട് ഹാജരാക്കിയില്ല. അതേസമയം കേസുകളിൽ പ്രതിയായ തിരുവാഭരണം മുൻ കമ്മീഷണർ കെ. എസ്. ബൈജുവിന് ഒരു കേസിൽ സ്വാഭാവിക ജാമ്യം ലഭിച്ചു. കട്ടിളപ്പാളി കേസിലാണ് ജാമ്യം അനുവദിച്ചത്. ദ്വാരപാലക ശില്പ കേസിൽ റിമാൻഡിലായതിനാൽ ബൈജു, ജയിൽ മോചിതനാകില്ല.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

സംസ്ഥാനത്ത് 79 നിയോജക മണ്ഡലങ്ങളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച ഹിയറിങ് പൂർത്തിയായതായി മുഖ്യ

തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. ഈ മാസം 21-നാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

## പാഠപുസ്തക വിതരണം

അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണവും സൗജന്യ കൈത്തറി യൂണിഫോം വിതരണ പദ്ധതിയും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് പട്ടം സെന്റ് മേരീസ് സ്കൂളിലാണ് ഉദ്ഘാടനചടങ്ങ്. ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾക്കുള്ള പാഠപുസ്തകങ്ങളാണ് വിതരണം ചെയ്യുന്നത്.

## യു എസ് കരാർ (ഇൻട്രോ)

യു എസ് - ഇന്ത്യ വ്യാപാര കരാർ ആയുർവേദ മേഖലയ്ക്ക് മികച്ച രീതിയിൽ ഗുണം ചെയ്യുമെന്ന് വൈദ്യരത്നം ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ ഇ ടി കൃഷ്ണൻ മൂസ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

## ആമയിഴഞ്ചാൻ തോട്

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് കടന്നു പോകുന്ന സ്ഥലങ്ങളിൽ മാലിന്യനിക്ഷേപം തടയാൻ ക്യാമറകൾ സ്ഥാപിക്കണമെന്നും ക്യാമറകൾ നിരീക്ഷിക്കാൻ നഗരസഭ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദേശം. മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

<u>കൊല്ലം റയിൽവേ സ്റ്റേഷൻ(ഇൻട്രോ)</u>

കൊല്ലം റയിൽവേ സ്റ്റേഷനിൽ നിർമ്മിച്ച മൾട്ടിലെവൽ കാർപാർക്കിങ്ങ് കെട്ടിടസമുച്ചയത്തിൻറെ ഉദ്ഘാടനം ശനിയാഴ്ച കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

<u>ക്രിക്കറ്റ്</u>

പുരുഷ ട്വൻറി- 20 ക്രിക്കറ്റ് ലോകകപ്പിൽ നേപ്പാളിനെതിരെ ഇറ്റലിക്ക് 10 വിക്കറ്റ് ജയം. നേപ്പാൾ ഉയർത്തിയ 124 റൺ വിജയലക്ഷ്യം 44 ബോൾ ബാക്കി നിൽക്കെ ഇറ്റലി സ്വന്തമാക്കി. രാവിലെ നടന്ന മത്സരത്തിൽ ശ്രീലങ്ക ഒമാനെ പരാജയപ്പെടുത്തിയിരുന്നു. അതേസമയം, ഇന്ത്യ - നമീബിയ മത്സരം അലപ്പ്മയത്തിനകം ഡൽഹിയിൽ ആരംഭിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

<u>അപേക്ഷ ക്ഷണിച്ചു</u>

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതി നുള്ള അപേക്ഷകൾ ഫെബ്രുവരി 17 വരെ സ്വീകരിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ

വിവരങ്ങൾക്ക് www.newsonair.gov.in (under Vacancies category) or https://prasarbharati.gov.in/pbvacancies/ എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2026 ഫെബ്രുവരി 17.

☸☸☸☸☸☸☸☸☸☸☸☸☸

## സരള മഹേശ്വരി

ദൂരദർശനിലെ വാർത്താ അവതാരികയായിരുന്ന സരള മഹേശ്വരി അന്തരിച്ചു . 71 വയസായിരുന്നു . പശ്ചിമ ബംഗാളിൽ നിന്ന് രാജ്യസഭാംഗം ആയിട്ടുണ്ട്. സൗമ്യമായ വാർത്താ അവതരണത്തിലൂടെ ഇന്ത്യൻ വാർത്താ ലോകത്തും പ്രേക്ഷക ഹൃദയങ്ങളിലും പ്രത്യേക സ്ഥാനം വഹിച്ച വ്യക്തിത്വമായിരുന്നു സരള മഹേശ്വരി.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## ഫാക്ട് ചെക്ക്

ജമ്മു കാശ്മീരിലെ പൂഞ്ചിൽ തീവ്രവാദികളും ഇന്ത്യൻ സൈന്യവും തമ്മിൽ ഏറ്റുമുട്ടൽ തുടരുകയാണെന്നും നിരവധി ഇന്ത്യൻ സൈനികർക്ക് പരിക്കേറ്റുവെന്നും പാകിസ്ഥാൻ അനുകൂല സമൂഹ മാധ്യം ഹാൻഡിലുകളിൽ വരുന്ന പോസ്റ്റ് വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഇത്തരം വാർത്തകളിൽ ജാഗ്രത പുലർത്തണമെന്ന് പി.ഐ.ബി ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸